'ഭരണഭാഷ - മാതൃഭാഷ'

നമ്പർ: D1-11084/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: ~~27.06.2015.~~
10-7-2015

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഔദ്യോഗിക ഭാഷാ പരിഭാഷാ സെൽ - തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന :- 22.06.2015 ന് കൂടിയ ഔദ്യോഗിക ഭാഷാ പരിഭാഷാ സെല്ലിന്റെ യോഗ തീരുമാനം.

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ രൂപീകരിച്ച ഔദ്യോഗിക ഭാഷാ പരിഭാഷാ സെല്ലിന്റെ ആദ്യ യോഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി.

1. എല്ലാ കീഴ്കാര്യാലയങ്ങളിലും ഔദ്യോഗിക ഭാഷയായി 'മലയാളം' ഉപയോഗിക്കുന്നതിന് സഹായകരമായ ഔദ്യോഗിക ഭാഷാ നിഘണ്ടു നിലവിൽ ലഭ്യമല്ല എങ്കിൽ വാങ്ങുന്നതിന് അതാത് കാര്യാലയങ്ങളിൽ ഓഫീസ് എക്സ്പെൻസിൽ നിന്നും തുക ചെലവഴിക്കേണ്ടതാണ്.

2. എല്ലാ കീഴ് കാര്യാലയങ്ങളും ഓഫീസ് നെയിം ബോർഡ്, ഓഫീസ് ബാനർ, വാഹനത്തിലെ നെയിം ബോർഡ് എന്നിവ മലയാളത്തിലാണ് പ്രദർശിപ്പിച്ചിരിക്കുന്നതെന്ന് ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റ് അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

3. മലയാളത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ തത്തുല്യ മലയാള ഭാഷാ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അത്തരം ഭാഷാപ്രയോഗങ്ങൾ/ വാക്കുകൾ മലയാള ലിപിയിൽ എഴുതുന്ന പക്ഷം അവ മലയാള പദമായി കണക്കാക്കുന്നതിനും ഏതെങ്കിലും ഇംഗ്ലീഷ് പദത്തിന് തത്തുല്യമായ മലയാള പദം ലഭ്യമല്ലെങ്കിൽ ആയത് ഈ കാര്യാലയത്തിൽ അറിയിക്കുന്ന പ്രകാരം പ്രസ്തുത പദങ്ങൾ ഔദ്യോഗിക ഭാഷാ പരിഭാഷാ സെൽ മലയാളത്തിലാക്കാൻ ശ്രമിക്കുന്നതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്
എന്നിവിടങ്ങളിലെ RAD മാർക്കും.
എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

PL